വാരാന്ത്യപതിപ്പ്   ലക്കം-59 | JULY 3 - JULY 9

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## എൻ.എസ്.എസ് വാർത്തകൾ

പേജ് 1
.........
അന്താരാഷ്ട്ര പ്ലാസ്റ്റിക്ക് ബാഗ് വിരുദ്ധ ദിനം

പേജ് 1
..........
ലോക ജന്തുജന്യ രോഗ ദിനം

പേജ് 2

അക്ഷരാഗ്നി

പേജ് 2

ചോദ്യം ഉത്തരം

പേജ് 3

ചിന്താവിഷയം




## അന്താരാഷ്ട്ര പ്ലാസ്റ്റിക്ക് ബാഗ് വിരുദ്ധ ദിനം

# എൻ.എസ്.എസ്. വാർത്തകൾ

## അന്താരാഷ്ട്ര പ്ലാസ്റ്റിക്ക് ബാഗ് വിരുദ്ധ ദിനം

ജൂലൈ മൂന്നാം തിയ്യതി അന്താരാഷ്ട്ര പ്ലാസ്റ്റിക് ബാഗ് രഹിത ദിനം ആചരിച്ചു.പ്ലാസ്റ്റിക് മലിനീകരണത്തിന്റെ ഗുരുതരമായ പ്രശ്നങ്ങളെക്കുറിച്ചും കര മുതൽ സമുദ്രജീവിതം വരെയുള്ള സ്വാഭാവിക പ്രകൃതിക്ക് അത് ഉയർത്തുന്ന ഗുരുതരമായ ഭീഷണിയെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനാണ് ഈ ദിനം പ്രധാനമായും ആചരിക്കുന്നത്.ഈ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിച്ചു.

## ലോക ജന്തുജന്യ രോഗ ദിനം

ജൂലൈ ആറാം തിയ്യതി ലോക ജന്തുജന്യ രോഗ ദിനം ആചരിച്ചു. ജന്തുജന്യ രോഗങ്ങളെക്കുറിച്ചുള്ള അറിവുണ്ടായാൽ മാത്രമേ അവയെ പ്രതിരോധിക്കുവാൻ സാധിക്കുകയുള്ളൂ. മനുഷ്യനും മൃഗങ്ങളും ജീവിത പരിസരങ്ങളിലും വനമേഖലയിലും പരസ്പരം ഇടപഴകുമ്പോൾ ജീവികളിൽ നിന്നും വൈറസ്, ബാക്ടീരിയ, പരാദങ്ങൾ തുടങ്ങിയ രോഗാണുക്കൾ മനുഷ്യരിലേക്ക് എത്തുകയും രോഗങ്ങൾ ഉണ്ടാകുവാനും ഇടയാക്കുന്നു. തൊഴിൽ, ഭക്ഷണം, മൃഗപരിപാലനം, വിദ്യാഭ്യാസം, വിനോദം, വനം വന്യജീവി സംരക്ഷണം ഇങ്ങനെ പല മേഖലകളിലായി മനുഷ്യർ അറിഞ്ഞും അറിയാതെയും ജീവജാലങ്ങളുമായി നേരിട്ടും അല്ലാതെയും ഇടപഴകുന്നു. അതിനാൽ മനുഷ്യരും മറ്റ് ജീവജാലങ്ങളും തമ്മിലുള്ള ഇടപഴകലുകൾ പലപ്പോഴും ഒഴിവാക്കുവാൻ കഴിയില്ല. ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.





# അക്ഷരാഗ്നി

ഡെൻസൺ . കെ . ഡെന്നി

## ചോദ്യം ഉത്തരം

ഇന്റർനാഷണൽ വളണ്ടിയേഴ്സ് ഡേ എന്നാണ്**?**

--ഡിസംബർ **5**

## ആത്മസഖി

കണ്ണ് നിറയും മാത്രയിൽ

ഒരു നേരം ആശ്വാസമായി

മൊഴികൾ ഇടറീടവേ

മനസ്സിനെ തഴുകീടുവാൻ

അലതെറ്റും ജീവിത സായാഹ്നങ്ങളിൽ

കൂടെ ചേർത്തുപിടിക്കും തണലായ്

ഓർക്കാൻ മടിച്ചാലുംമുന്നിലെത്തും രൂപമായ്

ആത്മാവിനെ തൊട്ടുണർത്താൻ സഖി നീ എന്തേ മറഞ്ഞു നിൽക്കുന്നു

സ്വപ്നങ്ങളിൽ പോലും കാണാൻ കൊതിക്കുന്ന ഞാൻ

അടുത്താണെന്ന് അറിയാം പക്ഷേ

അകലങ്ങളിലെന്നപോലെ.... എൻ ആത്മസഖി



# ചിന്താവിഷയം

ദുഃഖം നിന്നിലാണ്,ദുഃഖ കാരണവും നിന്നിൽ തന്നെയാണ്, ദുഃഖത്തിൽ നിന്ന് സന്തോഷത്തിലേക്കുള്ള വഴിയും നിന്നിൽ തന്നെ..!

-ബുദ്ധൻ